

# പ്രവാസ സാഹിത്യം

സമ്പാദനം പഠനം

ഡോ. എ.എസ്. പ്രതീഷ്

Malayalam
**PRAVASASAHITHYAM**
(Sambadanam Padanam)

Compiled by
**Dr. A.S. Pratheesh**

First Published : December 2019

Typeset at
SIL-DTP Section

Printed at
Time Offset Printers
Thiruvananathapuram

Published by
The State Institute of Languages
Kerala, Thiruvananthapuram-695 003
☎ 0471-2316306, 2314768

© The State Institute of Languages, Kerala
Thiruvananthapuram - 2019

Copies : 500

SIL /4838 Price Rs. 300/- ISBN 978-81-200-4838-6

Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.

FT 2866

7. തക്കാളിത്തോട്ടത്തിലെ ജീവിതയാതനകൾ 47
*ഡോ. നീലിമ ജയദേവൻ*

8. തലമുറകളുടെ പ്രവാസം 55
*അലക്സ് ബാബു*

9. കണ്ണുനീർ വീണുനനഞ്ഞ മണൽപ്പരപ്പുകൾ 73
*റീജ. പി*

10. കുടിയേറ്റജീവിതത്തിന്റെ സ്വത്വസംഘർഷങ്ങൾ 80
*സൂര്യ മുരളി. എസ്*

11. ദേശങ്ങളിൽ നിന്ന് സ്ഥാനഭ്രഷ്ടരായവർ 85
*അശ്വതി. റ്റി.ജി*

12. പ്രവാസവും പ്രയാണവും പിന്നെ, അതിജീവനവും 90
*ആര്യാരാജ്. ആർ*

13. നീതിതേടിയുള്ള യാത്രകൾ 94
*സുജ സവിധം*

14. കരിക്കോട്ടക്കരി എന്ന കനാൻദേശം 99
*ഹരിത ജി. മോഹൻ*

15. വേരുകൾ തേടി ഗ്രാമത്തിലെത്തുന്നവർ 112
*ശരജ. ആർ*

16. തലമുറകൾ തമ്മിലുള്ള സംഘർഷം 121
*ഡോ. ജിഷ. പി*

17. കാലത്തിനു മുന്നിൽ വേഷപ്പകർച്ചയാടുന്നവർ 124
*രഞ്ജിനി. എസ്*

18. പ്രവാസത്തിന്റെ ജീവപരിസരം 131
*ദീപ. എസ്*

## ഭാഗം രണ്ട്

## ചെറുകഥ

1. പ്രവാസാനുഭവവും മലയാളകഥാഭാവനയും 143
*ഡോ. ടി. മധു*

2. പ്രവാസിയുടെ രാഷ്ട്രീയം 152
*ഡോ. ഇ. ബാനർജി*

3. ഉയിർനൊന്ത് ഉടുവസ്ത്രം തേടുന്നവർ 162
*ഡോ. എസ്. അജയഘോഷ്*

# ഉയിർനൊന്ത് ഉടുവസ്ത്രം തേടുന്നവർ

ഡോ. എസ്. അജയഘോഷ്

വർധിച്ചുവരുന്ന പ്രവാസജീവിതം സാഹിത്യത്തിന്റെ മേഖലയിൽ പുതിയ മാറ്റങ്ങൾക്ക് വഴിയൊരുക്കിയത് ആധുനികകാലത്താണ്. പ്രവാസി രചനകൾ സാഹിത്യത്തെ പുഷ്ടിപ്പെടുത്തുകയും നോവൽ, കവിത, ചെറുകഥ എന്നീ മേഖലകളിൽ നൂതനപ്രവണതകൾക്ക് വഴിയൊരുക്കുകയും ചെയ്തു. നമ്മുടെ സാഹിത്യത്തിന് അന്യസംസ്കൃതിയുമായി ബന്ധപ്പെടാനും സംസ്കാരങ്ങളുടെ താരതമ്യത്തിനും പ്രവാസിരചനകൾ സഹായകമായി. തൊഴിലന്വേഷണവുമായി ബന്ധപ്പെട്ടാണ് നമ്മുടെ യുവാക്കളിൽ ഭൂരിഭാഗവും അന്യദേശങ്ങളിൽ കുടിയേറിയത്. ജീവിതവൃത്തി തേടി വിവിധ ദേശങ്ങളിൽ വസിക്കേണ്ടിവരുമ്പോൾ തങ്ങൾ ഇടപെടുന്ന വ്യത്യസ്ത ജീവിതമേഖലകളിലെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന പ്രവാസികളായ എഴുത്തുകാരുടെ രചനകൾ മികച്ച കാലസൃഷ്ടികൾ എന്നതിലുപരി വിവിധ സംസ്കാരങ്ങളുടെ പങ്കുവയ്ക്കൽ കൂടിയാകുന്നു. പ്രവാസജീവിതത്തിന്റെ ആദ്യകാലഘട്ടത്തിൽ ബർമ, മലയ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലേക്കായിരുന്നു രാഷ്ട്രാന്തരപ്രവാസം നടന്നിരുന്നത്. എന്നാൽ പിന്നീട് അമേരിക്ക, യൂറോപ്പ്, ഗൾഫ് രാഷ്ട്രങ്ങൾ എന്നിവിടങ്ങളിലേക്ക് വമ്പിച്ച തോതിൽ തൊഴിലന്വേഷിച്ച് ഇതരരാജ്യക്കാർ കുടിയേറുകയുണ്ടായി. ഭാരതത്തിനകത്തുതന്നെ മദ്രാസ്, കൽക്കത്ത, ബോംബെ തുടങ്ങിയ നഗരങ്ങളിലേക്ക് തൊഴിലന്വേഷിച്ച് ധാരാളം മലയാളികൾ കുടിയേറിയിട്ടുണ്ട്. ഇവരിലെ എഴുത്തുകാരിൽനിന്ന് മികച്ച രചനകൾ മലയാളസാഹിത്യത്തിന്റെ എല്ലാ മേഖലകളിലും ലഭിച്ചിട്ടുണ്ട്. 'കുടിയേറ്റം, ഭ്രഷ്ട്, തൊഴിലന്വേഷണം എന്നിങ്ങനെ പ്രവാസജീവിതത്തെ വൈവിധ്യമുള്ളതാക്കുന്ന അടിസ്ഥാന കാരണങ്ങളുണ്ട്. വംശം, ജാതി, ലിംഗം എന്നിങ്ങനെയുള്ള ഉപഗണങ്ങളാൽ കുറുകെ വിഭജിക്കപ്പെട്ടവരുമാണ് പ്രവാസികൾ. പ്രവാസാനുഭവങ്ങളിലെ വ്യത്യസ്തതയും പ്രധാനമാണ്. ഇവയെല്ലാം പ്രവാസിരചനകളെ ആഴത്തിൽ സ്വാധീനിക്കുന്നു.' [1]

ഒരു പട്ടാളക്കാരനായി വളരെക്കാലം വിവിധ ദേശങ്ങളിൽ കഴിയേണ്ടിവന്ന കോവിലൻ മലയാളത്തിലെ മികച്ച കഥാകാരന്മാരിലൊരാളാണ്. മലയാളചെറുകഥയിൽ പ്രവാസത്തിന്റെ നൊമ്പരങ്ങൾ എഴുതിച്ചേർത്ത ആദ്യകഥാകാരന്മാരിലൊരാളാണ് അദ്ദേഹം. കോവിലനിൽനിന്നും പ്രവാസ